# ജാലകം

ജി എച്ച് എസ് എസ് തെങ്ങമം
ലിറ്റിൽ കൈറ്റ്സ്
2022-25 Batch

# ഉള്ളടക്കം


| ക്രമ നമ്പർ | രചനകൾ | പേജ് നമ്പർ |
|---|---|---|
| 1 | എഡിറ്റോറിയൽ | 1 |
| 2 | ഞങ്ങളുടെ വിദ്യാലയം | 2 |
| 3 | എഡിറ്റോറിയൽ ബോർഡ് | 3 |
| 4 | ആശംസ | 4 |
| 5 | ചാറ്റ് ജി പി റ്റി | 5 |
| 6 | പ്ലാസ്റ്റിക്ക് എന്ന ദുരന്തം | 6 |
| 7 | ഇ- മെയിൽ | 7 |
| 8 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ | 8 |
| 9 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ | 9 |
| 10 | കലാം ഒറ്റ നോട്ടത്തിൽ | 10 |
| 11 | റിഡിൽസ് | 11 |
| 12 | കടങ്കഥകൾ | 12 |
| 13 | മൗസ് | 13 |
| 14 | പ്രോഗ്രാമിങ്ങ് ഭാഷകൾ | 14 |
| 15 | ഹൃദയം കൊണ്ടൊരു കവിത | 15 |
| 16 | ലിറ്റിൽ കൈറ്റ്സ് | 16 |
| 17 | ഇൻഫർമേഷൻ ടെക്നോളജി ജനറൽ ക്വസ്റ്റ്യൻസ് | 17 |
| 18 | നന്ദി | 18 |




## എഡിറ്റോറിയൽ

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്.സാങ്കേതികവിദ്യയുടെ അദ്ഭുത ലോകത്താണ് നാം ജീവിക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനൊപ്പം മനുഷ്യപുരോഗതിയുടെ സാക്ഷ്യപത്രമായി സാങ്കേതികരംഗത്ത് കുതിപ്പ് തുടരുന്നു.ഇന്ന് പല മേഖലകളിലും ഉപയോഗിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാനുള്ള ശാസ്ത്രസാങ്കേതിക വിദ്യയാണ്.പഠനത്തിനും മറ്റു വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും മാറ്റുകൂട്ടാൻ വിവിധ വിവരസാങ്കേതികവിദ്യയുടെ നിരവധി സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.വിവരവിനിമയ സാങ്കേതികവിദ്യയുടെ വിസ്മയലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻ പഠനാനുഭവങ്ങളിലേക്കും കൈപിടിച്ചുയർത്തുന്ന ഈ കലാസൃഷ്ടി നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു.

ചീഫ് എഡിറ്റേഴ്സ്
അനിലാദാസ് പി
റ്റി ആർ സുജ

സ്റ്റുഡന്റ് എഡിറ്റർ
അഷ്ടമി എസ്



# ഞങ്ങളുടെ വിദ്യാലയം







# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റേഴ്സ്

അനിലാദാസ് പിഅഷ്ടമി എസ്
റ്റി ആർ സുജ

സ്റ്റുഡന്റ് എഡിറ്റർ

അഷ്ടമി എസ്

സ്റ്റുഡന്റ് സബ് എഡിറ്റേഴ്സ്

ആർച്ച എസ്
അനന്തലക്ഷ്മി എ
അരുണിമ എം
സൂര്യപ്രിയ ആർ എസ്
തിങ്കൾ എ
അഭിനവ് ബി എം
ദേവനാരായൺ എ
ആരോമൽ ബി പിള്ള
ജിബിൻ സാം
അജിത് പി
എം ജി അഭിശങ്കർ
അബിരാജ് ബി
അഭിമന്യു എ



## ആശംസ

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ സ്കൂളിലും ഇതിന്റെഭാഗമായുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബ് മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നതിൽ സന്തോഷം.ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതികവിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജരാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി വിദ്യാലയങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്. വിരൽ തുമ്പുകളിലൂടെ വിജ്ഞാനവും ഭാവനയും ചിന്തയും ഉണർത്തുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ് മിസ്ട്രസ്സ്
ജി എച്ച് എസ് എസ് തെങ്ങമം



# Chat GPT




മനുഷ്യനെ പോലെ എഴുതാനും വായിക്കാനും ചാറ്റ് ചെയ്യാനുമെല്ലാം സാധിക്കുന്ന നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള ഒരു ചാറ്റ്ബോട്ട് ആപ്ലിക്കേഷനാണ് ചാറ്റ് ജിപിടി.മനുഷ്യന്റെ സ്വാഭാവികമായ ഭാഷ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനും ചാറ്റ് ജി പി ടി ക്ക് സാധിക്കും.ഏത് വിഷയങ്ങളോട് ബന്ധപ്പെട്ട ചോദ്യങ്ങളായാലുംഅവയെല്ലാംഒരു വിധം കൃത്യമായി ഉത്തരം നൽകാനും സ്വന്തമായി കഥകളും കവിതകളും എഴുതാനും തമാശ പറയാനുമൊക്കെ ഈ കമ്പ്യൂട്ടർ പ്രോഗ്രാമിനു സാധിക്കുന്നു.മാത്രമല്ല നാം നൽകുന്ന ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിനകത്തെ തെറ്റുകൾ കണ്ടെത്തി തിരുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും വലിയ ലേഖനങ്ങളുടെ സംഗ്രഹം തയ്യാറാക്കാനും ഒരുഭാഷയിലെ വിവരങ്ങളെ മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനും chat GPT യ്ക്ക് കഴിവുണ്ട്.

open AI എന്ന അമേരിക്കൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കമ്പനിയാണ് ഈ ചാറ്റ് ബോട്ട് നിർമ്മിച്ചിരിക്കുന്നത്.മനുഷ്യഭാഷ മനസ്സിലാക്കാനും ഉല്പാദിപ്പിക്കാനും സാധിക്കുന്ന Generative Pre-trained Transformer എന്ന ഓപ്പൺ സോഴ്സ് ലാൻഗ്വേജ് മോഡലാണ് ഇതിന്റെ നിർമ്മാണത്തിനായി കമ്പനി ഉപയോഗിച്ചിരിക്കുന്നത്.2021 സെപ്റ്റംബർ വരെയുള്ള ഇന്റർനെറ്റ് കണ്ടെന്റുകൾ-webpages,wikipedia,articles,books തുടങ്ങിയവ 45 TB യോളം കണ്ടന്റുകൾ- ഉപയോഗപ്പെടുത്തി പരിശീലിപ്പിച്ച ലാൻഗ്വേജ് മോഡലിന്റെ 2022 നവംബർ അവസാനം വരെയുള്ള വേർഷൻ GPT3.5 എന്ന പേരിലാണ് അറിയപ്പെടുന്നത്.GPT3 എന്ന സ്വാഭാവിക ഭാഷാമോഡൽ ഉപയോഗപ്പെടുത്തി ഇതിനോടകം തന്നെ പല കമ്പനികളും പുതിയ AI application കൾ ഉണ്ടാക്കിത്തുടങ്ങിയിട്ടുണ്ട്. നാം നൽകുന്ന വിവരണങ്ങളിൽനിന്നും കഥാപാത്രസൃഷ്ടി നടത്താൻ സാധിക്കുന്ന Character GPT വിവരണങ്ങൾക്കനുസൃതമായി വീഡിയോ കണ്ടന്റുകൾ തയ്യാറാക്കാൻ കഴിവുള്ള pictory.ai voice assistant ആയി പ്രവർത്തിക്കാൻ കഴിവുള്ള polyAI തുടങ്ങിയവ അവയിൽ ചിലതാണ്. GPT3 പോലെ തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് ഉപയോഗിക്കപ്പെടുന്ന മറ്റ് സ്വാഭാവിക ഭാഷാമോഡലുകളാണ് google ന്റെ BERT (Bidirectional Encoder Representation from Transformers) ,Facebook ന്റെ RoBERTa(Robustly Optimized BERT pretraining Approach),Allen institute ന്റെ ELMO (Embeddings from Language Models)തുടങ്ങിയവ.

Sooryapriya 9A

# പ്ലാസ്റ്റിക്ക് എന്ന ദുരന്തം

പ്ലാസ്റ്റിക്ക് കൂനയിൽനിന്ന്
കണ്ണു നിറച്ച് കിതച്ചോടി വന്ന കാറ്റ്
വിണ്ണിനോടു തിരക്കി ഇവിടെയൊരു
ശുചിത്വ കേരളമുണ്ടായിരുന്നല്ലോ

എനിക്കു പാറിപ്പറക്കാൻ
വിണ്ണിന്റെ മൗനമേറ്റുവാങ്ങി
ലക്ഷ്യമില്ലാതലയുമ്പോൾ കാടു കണ്ടു
ക്രൂരമാം മാനവചയ്തികൾ

പ്രകൃതിതൻ ഹൃദയമാം
പുഴയിലും വഴിയിലും
പ്ലാസ്റ്റിക്ക് കൂനകൾ തിങ്ങിനിവരുന്നു
പ്രകൃതിതൻ കൈകളാം കാട്ടുവഴികളിൽ

ഭൂമിതൻ മക്കളാം മാനവരൊക്കെയും
ഭൂമിയെ പ്ലാസ്റ്റിക്ക് കുപ്പയായി മാറ്റി
പ്ലാസ്റ്റിക്ക് എന്നൊരു ഭീകര രാക്ഷസൻ
ഭൂമിയെ വിഴുങ്ങുനാൻ നാളെത്രബാക്കി

ഇനിയേതു ഗംഗയിൽ മുങ്ങണം
മാനവചെയ്തിക്കു മാപ്പു ലഭിക്കുവാൻ.

അരുണിമ എം 9B



## ഇ – മെയിൽ

ഇലക്ട്രോണിക് മെയിൽ എന്നതിന്റെ ചുരുക്കപ്പേരാണ് ഇ – മെയിൽ.ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ച് ഇന്റർനെറ്റ് വഴി സന്ദേശങ്ങൾ അയയ്ക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സംവിധാനമാണിത്.സന്ദേശങ്ങൾക്കൊപ്പം ചിത്രം,ശബ്ദം,ചലച്ചിത്രം എന്നിവയൊക്കെ ഇതിലൂടെ കൈമാറാൻ കഴിയും .സൗജന്യമായും അല്ലാതെയും ഇ – മെയിൽ വിലാസം നൽകുന്ന സേവനദാതാക്കൾ ഉണ്ട്. ജി മെയിൽ
യാഹൂ മെയിൽ, റിഡിഫ് മെയിൽ എന്നിവ ഉദാഹരണങ്ങളാണ്.ലോകത്ത് എവിടെനിന്നും ഇ– മെയിൽ വഴി തയ്യാറാക്കുന്ന കത്തുകൾ സ്വീകർത്താവിന്റെ വിലാസത്തിൽ സൂക്ഷിക്കപ്പെടും. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും പാസ് വേഡ് ഉപയോഗിച്ച് ഇ മെയിൽ തുറന്ന് കത്തുകളും അനുബന്ധമായി അയയ്ക്കുന്ന രേഖകളും പരിശോധിക്കാനും വായിക്കാനും കഴിയും.



അജിത് പി 9A

# ദുരന്തനിവാരണ പ്രവർത്തനങ്ങൾ
# സാമൂഹികമാധ്യമങ്ങളിലൂടെ






2014 ൽ കാശ്മീരിലും 2015 ൽ ചെന്നൈയിലും 2018 ൽ നമ്മുടെ കേരളത്തിലും ഉണ്ടായ വെള്ളപ്പൊക്ക ദുരന്തങ്ങളിൽ സാമൂഹികമാധ്യമങ്ങൾ ഏറ്റെടുത്ത ദുരന്തനിവാരണ പ്രവർത്തനങ്ങൾ നിസ്തുലമാണ്.കാശ്മീർ വെള്ളപ്പൊക്കദുരന്തങ്ങളിൽ ട്വിറ്ററിന്റെ SOS സംവിധാനം (അപകടാവസ്ഥയിലെ സഹായം അഭ്യർത്ഥിച്ചുള്ള സന്ദേശങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനം) നിരവധി ആളുകൾക്ക് രക്ഷയായി.

ചെന്നൈ വെള്ളപ്പൊക്ക സമയത്ത് വാട്സ് ആപ്പ് കോളുകളും ഫേസ്ബുക്കിലെ സേഫ്റ്റി ചെക്കും ട്വിറ്ററിന്റെ ഹാഷ് ടാഗും ഗൂഗിളിന്റെ person finder ഉം ധാരാളം പേർ പ്രയോജനപ്പെടുത്തിയിരുന്നു.മേൽസൂചിപ്പിച്ച സാമൂഹിക മാധ്യമ സംവിധാനങ്ങളും ഔദ്യോഗിക വെബ്പോർട്ടലുകളും കേരളത്തിലെ വെള്ളപ്പൊക്കദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കുന്നതിന് സഹായകമായി.

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ മനുഷ്യശക്തി ഒരുമിച്ചുകൂട്ടാനും ദുരന്തത്തിൽപ്പെട്ടവരുടെ തത്സമയവിവരങ്ങൾ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാനും സാമൂഹിക മാധ്യമങ്ങളുടെ കൂട്ടായ്മക്ക് അനായാസം സാധിക്കും .ഇന്റർനെറ്റും മൊബൈൽ ടവറുകളും ലഭ്യമല്ലാത്ത ദുരന്തമുഖത്ത് SOS സഹായ അഭ്യർത്ഥന സാമൂഹികമാധ്യമങ്ങൾ വഴി പുറം ലോകത്തെത്തിക്കാനും അതുവഴി ദുരന്തത്തിൽപ്പെട്ടവർക്ക് സഹായം ലഭ്യമാക്കാനും കഴിയും.ദുരന്തത്തിന് ശേഷമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളിലും ഇത്തരം സാമൂഹികകൂട്ടായ്മകൾക്ക് ഇടപെടാൻ കഴിയും.ഭക്ഷണം ലഭ്യമാക്കൽ ധനശേഖരണം ലഭ്യമാക്കൽ അറ്റകുറ്റപ്പണികൾക്ക് വൈദഗ്ദ്യമുള്ളവരുടെ സേവനം എത്തിക്കൽ തുടങ്ങിയ കാര്യങ്ങൾ ഏകോപിപ്പിക്കാൻ ഈ മാധ്യമങ്ങൾക്ക് സാധിക്കും.

ദുരന്തസമയത്ത് സാമൂഹിക മാധ്യമങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളും ദൃശ്യങ്ങളും പങ്കുവെയ്ക്കുന്നതിനുമുമ്പ് അവയുടെ ആധികാരികത നന്നായി പരിശോധിക്കുക.സഹായത്തിന് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകൾ പ്രയോജനപ്പെടുത്തുക.മൊബൈൽ ഫോണുകളിലെ ബാറ്ററിചാർജ് കരുതിവെക്കുന്നതിനായി കോൾ ചെയ്യുന്നതിന് പകരം മെസേജിംഗ് സംവിധാനം പരമാവധി ഉപയോഗിക്കുക.

Abhimanyue A 9B



# കലാം
# ഒറ്റനോട്ടത്തിൽ



അവുൽ ഫക്കീർജൈനലബ്ദീൻ
1931 ൽ തമിഴ് നാട്ടിലെ രാമേശ്വരത്ത് ജനിച്ചു.
1960 ൽ DRDO യിൽ ശാസ്ത്രജ്ഞനായി ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിച്ചു.
കരസേനയ്ക്കുവേണ്ടി ഹെലികോപ്റ്ററുകൾ രൂപകല്പന ചെയ്തു.
1965 ൽ റോക്കറ്റ് രൂപകല്പന ചെയ്തു.
1969 ൽ ISRO യിലേക്ക് സ്ഥലംമാറ്റം.
1970-1990 വരെ പി എസ് എൽ വി ക്ക് നേതൃത്വം നൽകി.
1992-1999 കാലത്ത് ഡി ആർ ഡി ഒ സെക്രട്ടറി , പ്രധാനമന്ത്രിയുടെ മുഖ്യശാസ്ത്ര ഉപദേഷ്ടാവ്.
1994 ൽ ആര്യഭട്ട പുരസ്കാരം ലഭിച്ചു.
1997 ൽ ഭാരതരത്നം ലഭിച്ചു.
1998 ൽ ഇന്ത്യയുടെ രണ്ടാമത്തെ ആണവപരീക്ഷണമായ ഓപ്പറേഷൻ ശക്തിക്ക് നേതൃത്വം നൽകി.
1999 ൽ പൊക്രാൻ ആണവപരീക്ഷണത്തിന് നേതൃത്വം നൽകി.
2002 ജൂലൈ 19ന് ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായി.
2007 ൽ രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞു.
മിസൈൽ മാൻ ഓഫ് ഇന്ത്യ , ഇന്ത്യൻ മിസൈൽ പദ്ധതികളുടെ പിതാവ് എന്നിങ്ങനെ അറയപ്പെടുന്നു.
2015 ജൂലൈ 27 ന് മരണം.

Aromal B Pillai 9B



## RIDDLES

What is that you can serve but you never eat?
Plate
Which room has no door no windows no floor no roof?
Mashroom
What clothing does a house wear?
Address
What is it that we can break without touching?
Silence
It never goes upwards but always goes downwards?
River
An alphabet which we drink everyday?
T(tea)
It has teeth but cannot bite?
Comb
The kind of bow impossible tie?
Rainbow
Which key is naughty always?
Monkey
What is given to you but it is used by others?
Your name
It has arms and legs but cannot work or walk?
Chair
Which key carries load?
Donkey
The net which attract metals?
Magnet
Which is the dangerous city in the world?
Electricity
The land which says I am hungry?
Hungary
The net we use for various purposes?
Internet

M G Abhisankar 9B

# കടങ്കഥകൾ

രൂപം കൊണ്ട് കടങ്കഥയും പഴഞ്ചൊല്ലും തമ്മിൽ സാമ്യം ഉണ്ടെങ്കിലും അവയുടെ ധർമ്മം തികച്ചും വ്യത്യസ്തമാണ്.നിഗൂഢമായ ഉത്തരങ്ങൾ തേടിയുള്ള യാത്രയാണ് കടങ്കഥകൾ.ബുദ്ധിപരമായ വികാസത്തിന് വഴിതുറക്കുന്ന കടങ്കഥകൾ പ്രപഞ്ചത്തെക്കുറിച്ചും അടുത്തറിയാനുള്ള വിനോദപരമായ ഉപാധികൂടിയാണ് രസകരമായ ചില കടങ്കഥകൾ.

ഞാൻ പെറ്റകാലം മീൻ പെറ്റ പോലെ
വാലറ്റകാലം ഞാൻ പെറ്റ പോലെ
ആനകേറാമല ആളുകേറാമല
ആയിരം കാന്താരി പൂത്തിറങ്ങി
പൂവുണ്ട് കായില്ല നാവുണ്ട് പല്ലില്ല
കാലുണ്ട് കൈയ്യില്ല വാലുണ്ട് കുരങ്ങല്ല
നാലു കാലുണ്ട് നടുവുണ്ട് മുതുകുണ്ട്
നായയ്ക്കു തിന്നാനിറച്ചിയില്ല
തച്ചൻ പണിയാത്ത തമ്പുളി പായാത്ത
തിത്തിത്തെയെന്നൊരു പത്തായം
കാക്കയ്ക്കും കോഴിയ്ക്കും വേണ്ടാത്ത വിത്ത്
വെള്ളത്തിലിട്ടാൽ  കാണാത്ത വിത്ത്
എല്ലാ കാളയ്ക്കും മണ്ടയ്ക്ക് കൊമ്പ്
എന്റെ കാളയ്ക്ക് പള്ളയ്ക്ക് കൊമ്പ്
ഈച്ച തൊടാത്തൊരിറച്ചിക്കഷണം
അകത്തു തിരിതെറുത്തു പുറത്തുമുട്ടയിട്ടു
കാളകിടക്കും കയറോടും.

ഉത്തരം
തവള
ആകാശം
പൂവൻ കോഴി
കസേര
വയറ്
ഉപ്പ്
കിണ്ടി
തീക്കട്ട
കുരുമുളക്
മത്തങ്ങ

Archa S 9B





## മൗസ്

മൗസ് എന്നാൽ കമ്പ്യൂട്ടറുകൾക്കുള്ള കൈയ്യിലൊതുങ്ങുന്ന പോയിന്റിംഗ് ഡിവൈസും ,ഇൻപുട്ട് ഡിവൈസും ആണ്. അത് കൈവെള്ളയിൽ ഒതുങ്ങുന്ന വണ്ണം രൂപവത്കരിക്കപ്പെട്ടതും ഒന്നോ അതിൽ കൂടുതൽ ബട്ടണുകളുള്ള ഒരു ചെറിയ ഉപകരണം ആണ്.ഇത് ഒരു പരന്ന ഉപരിതലത്തിലാണ് സ്ഥാപിക്കുന്നത്. മൗസിന്റെ അടിവശത്ത് അതിരിക്കുന്ന പരന്ന ഉപരിതലവുമായി താരതമ്യപ്പെടുത്തി അതിന്റെ ചലനം നിർണ്ണയിക്കാനുള്ള ഒരു ഉപകരണം ഉണ്ട്.മൗസിന്റെ ചലനം ഡിസ്‌പ്ലേയിലെ ഒരു ബിന്ദുവിന്റെ ചലനമായി വ്യാഖ്യാനിക്കുന്നു.

മൗസ് എന്ന പേര് ലഭിച്ചത് ആദ്യകാലത്തെ മൗസുകളിൽ നിന്ന് കമ്പ്യൂട്ടറിലേക്കുള്ള വയർ എലിയുടെ വാലുപോലെയിരുന്നതിനാലാണ് മാത്രമല്ല പോയിന്ററുടെ ചലനം ഒരു എലിയുടെ ചലനം പോലെയുള്ളതുകൊണ്ടും ആകാം.

ഒരു കമ്പ്യൂട്ടർ സിസ്റ്റം നിയന്ത്രിക്കുന്ന മൗസിന്റെ ആദ്യ പൊതുപ്രദർശനം 1968 ലായിരിക്കുന്നു.ഒരു പ്രതലത്തിലൂടെയുള്ള ചലനംടാക്ക് ചെയ്യാൻ മൗസുകൾ ആദ്യം രണ്ട് വ്യത്യസ്ത ചക്രങ്ങൾ ഉപയോഗിച്ചു. ഒന്ന് എക്സ്‌ഡൈമൻഷനിലും മറ്റൊന്ന് Y യിലും പിന്നീട് ഒരു പന്ത് ഉപയോഗിക്കുന്നതിന് സ്റ്റാൻഡേർഡ് ഡിസൈൻ മാറ്റി .മൗസ് ചലിക്കുന്നതിന് വേണ്ടി ഉപരിതലത്തിൽ ഉരുളുന്നു.

ഒരു കഴ്സർ നീക്കുന്നതിന് പുറമേ ഒരു ഡിസ്‌പ്ലേയിൽ ഒരു മെനുവിലെ ഐറ്റം തെരഞ്ഞെടുക്കുന്നത് പോലുള്ള പ്രവർത്തനങ്ങൾ അനുവദിക്കുന്നതിന് കമ്പ്യൂട്ടർ മൗസിന് ഒന്നോ അതിലധികമോ ബട്ടണുകൾ ഉണ്ട് .അധിക നിയന്ത്രണവും ഡൈമൻഷണർ ഇൻപുട്ടും പ്രാപ്തമാക്കുന്ന ടച്ച് പ്രതലങ്ങളും സ്ക്രോൾ വീലുകളും പോലുള്ള മറ്റ് ഘടകങ്ങളും മൗസിൽ ഉണ്ട്.

Jibin Sam 9A

## പ്രോഗ്രാമിങ്ങ് ഭാഷ                                                    പൈത്തൺ

ഒരു കോമഡി  ഷോയുടെ പേരിൽ അറിയപ്പെടുന്ന ഒരു പ്രോഗ്രാം ഭാഷയാണ് പൈത്തൺ.മോണ്ടി പൈത്തൺസ് ഫ്ലൈയിങ്ങ് സർക്കസ് എന്ന ടെലിവിഷൻ പരിപാടിയിലെ ഒരു കഥാപാത്രത്തിന്റെ പേരിൽ നിന്നാണ് ഈ ഭാഷയ്ക്ക് പേരു വന്നത്.ഗെഡോ വാൻ റോസ്സം എന്ന ഡച്ച് പ്രോഗ്രാമറാണ് പൈത്തൺ രൂപപ്പെടുത്തിയത്.ഒരു ഭാഷയിലെ നിർദ്ദേശങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കാൻ സഹായിക്കുന്ന ഒരു ഇന്റർപ്രട്ടർ പ്രോഗ്രാം ആയിരുന്നു ഇത്.ഏറെ ജനപ്രിയമായ ഈ ഭാഷയുടെ കോഡുകൾ എല്ലാവർക്കും ലഭിക്കുന്ന ഓപ്പൺ സോഴ്സ് സമ്പ്രദായത്തിലായിരുന്നു.ലോകമെമ്പാടുമുള്ള നിരവധി കമ്പ്യൂട്ടർ വിദഗ്ധരുടെ കൂട്ടായ്മ ഈ കോഡുകൾ നവീകരിച്ചു കൊണ്ടിരുന്നു.2018 വരെ ഈ കൂട്ടായ്മയുടെ ചീഫ് ആയിരുന്നു റോസ്സം.2019 ൽ ഈ കൂട്ടായ്മ പൈത്തൺ നവീകരണങ്ങൾ ഏകോപിപ്പിക്കാൻ ഒരു അഞ്ചംഗ കമ്മിറ്റിയുണ്ടാക്കി.2000 ഒക്ടോബർ 16 നാണ് പൈത്തണിന്റെ വേർഷൻ 2 ഇറങ്ങിയത്.2008 ൽ പരിഷ്കരിച്ച് മൂന്നാം വേർഷൻ പുറത്തിറങ്ങി.പൈത്തണിന്റെ പുതിയ പതിപ്പ് 2022 നവംബറിൽ ഇറങ്ങിയ പൈത്തൺ 3.11 ആണ്.


## എലിക്സിർ

ജോസ് വാലിം എന്ന കമ്പ്യൂട്ടർ വിദഗ്ധനാണ് ഈ ഭാഷ വികസിപ്പിച്ചത്.2002 ൽ ഇതിന്റെ ആദ്യ പതിപ്പ് പുറത്തു വന്നു.1990 ൽ ഉണ്ടായ എർലാങ്ങ് എന്ന ഭാഷയാണ് എലിക്സറിന്റെഅടിസ്ഥാനം.ടെലി
കമ്യൂണിക്കേഷൻ സംവിധാനങ്ങളിൽ ഉപയോഗിക്കുന്ന പ്രോഗ്രാമിങ്ങ് ഭാഷയാണ് എർലാങ്ങ്.ഈ ഭാഷയെ കൂടുതൽ മെച്ചപ്പെടുത്തിയാണ് 2012 ൽ എലിക്സിർ നിർമ്മിച്ചത്.അമൃത് എന്നാണ് എലിക്സിർ എന്ന വാക്കിന്റെ അർത്ഥം.ഒരുപാട് ഡേറ്റ കൈകാര്യം ചെയ്യാനായി രൂപകല്പന ചെയ്ത ഭാഷയാണ് എലിക്സിർ.വെബ് ആപ്ലിക്കേഷനുകൾ  ക്ലൗഡ് ആപ്ലിക്കേഷനുകൾ മെഷീൻ ലേണിങ്ങ് ഡേറ്റ സയൻസ് തുടങ്ങിയ മേഖലകളിൽ ഇത് ഉപയോഗിക്കുന്നു.ഒരു ഫങ്ഷണൽ പ്രോഗ്രാമിംഗ് ഭാഷയായ  എലിക്സിർ പി എച്ച് പി   റൂബി തുടങ്ങിയ ഭാഷകളുമായി സംയോജിപ്പിക്കാനാവും.വാട്സ്ആപ്പ്  ഡിസ്കോർഡ് പിന്റെറസ്റ്റ് ആപ്ലിക്കേഷനുകളിൽ എലിക്സിർ ഉപയോഗിക്കുന്നു.

# ഹൃദയം കൊണ്ടൊരു കവിത

എൻ പേര് ഹൃദയം.........
ഔരസാശയത്തിലാണ് എന്റെ സ്ഥാനം
ഇടതുവശം ചരിഞ്ഞാണ് നില്പ്
വാരയെല്ലിൻ കാവലുണ്ട്, പെരികാർഡിയത്തിൻ പുതപ്പുമുണ്ട്
രക്തം പമ്പ് ചെയ്യലാണെൻ ജോലി
അറകളുണ്ടല്ലോ നാലെണ്ണം
രണ്ട് ഏട്രിയങ്ങലും രണ്ട് വെൺട്രിക്കിളും
അറകളിൽ വലത്ത് അശുദ്ധ രക്തം
ഇടത് ശുദ്ധരക്തവും
വലത് ഏട്രിയത്തിലേക്ക് ചൂടു ചോരയുമായി മഹാസിരകൾ
അവിടെ നിന്ന് വലത് വെൺട്രിക്കിളുകളിൽ
ഇടയ്ക്കുള്ള പാലമോ ത്രിദളങ്ങൾ
യാത്ര തുടരുന്നു ചൂടു ചോര ശ്വാസകോശത്തിലെക്ക്
അവിടെനിന്ന് ഉന്മേഷവാനായി രക്തം ഇടത് ഏട്രിയത്തിലേക്ക്
ഇടത് ഏട്രിയത്തിൽ നിന്നും ഇടതു വെൺട്രിക്കിളിലേക്ക്
ഇടയ്ക്കുള്ള പാലമോ ദ്വിദളങ്ങൾ
മഹാധമനി രക്തവുമായി അവയവങ്ങളിലേക്ക്
ഇതിനൊക്കെ എന്നെ സഹായിക്കാൻ
പേസ്മേക്കർ, വലതു ഏട്രിയത്തിൽ
ഇതുമാത്രമാണെൻ പുണ്യം.

ദേവനാരായണൻ ജെ



# LITTLE KITE's

'Little KITEs' IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'Little KITEs IT Clubs'
Little KITEs is set to become the largest Student IT Network in the Country.
Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram.
In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs'.

**Kashinath B**

## INFORMATION TECHNOLOGY GENERAL QUESTIONS

1)AMOLED എന്നതിന്റെ പൂർണ്ണരൂപം എന്താണ്?
ACTIVE-MATRIX ORGANIC LIGHT-EMITTING DIODE

2)ഇന്റർനെറ്റിലെ ഓസ്കാർ എന്നറിയപ്പെടുന്ന അവാർഡ് ഏതാണ്?
The WEBBY Award

3) മൊബൈൽ വഴി പണം കൈമാറാൻ ഭാരതത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന സേവനമാണ് UPI
UPI എന്നതിന്റെ പൂർണ്ണരൂപം എന്താണ്?
Unified Payments Interface

4)ഫേസ്ബുക്കിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്നതാരാണ്?
മാർക്ക് സക്കർബർഗ്

5)ജാവ എന്ന പ്രശസ്തമായ പ്രോഗ്രാമിങ്ങ് ഭാഷ വികസിപ്പിച്ചെടുത്ത സ്ഥാപനം ഏതാണ്?
സൺ മൈക്രോസിസ്റ്റംസ്

6)ലോകത്തിൽ വെച്ച് ഏറ്റവും വേഗത കൂടിയ സൂപ്പർ കമ്പ്യൂട്ടർ ഏതാണ്?
ഫുഗാക്കു സൂപ്പർ കമ്പ്യൂട്ടർ

7)ഇന്റർനെറ്റിലൂടെ റിലീസ് ചെയ്ത ആദ്യ ഇന്ത്യൻസിനിമ ഏതാണ്?
Vivah(10th Nov. 2006)

8)സോഫിയ എന്ന ഹ്യൂമനോയ്ഡ് റോബോട്ടിനെ വികസിപ്പിച്ച കമ്പനിയുടെ പേരെന്താണ്?
ഹാൻസൺ റോബോട്ടിക്സ്

9)ഒരു സാധാരണ കീബോർഡിൽ എത്ര ഫങ്ഷൻ കീകളാണുള്ളത്?
12

10)ഏത് സ്ഥാപനമാണ് ഐപാഡ് വിപണിയിൽ എത്തിച്ചത്?
ആപ്പിൾ

വിനായക് വിജയൻ

## നന്ദി

ഈ മാഗസിൻ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച എന്റെ കൂട്ടുകാർക്കും,വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ തന്ന് കൂടെ നിന്ന അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു.

